3. വനിതാ സാമൂഹ്യ പ്രവർത്തകർ (Representatives of Lady Social Worker)

(ബി). ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ടൂറിസം വകുപ്പുമന്ത്രിമാരുടെ സമ്മേളനം

* 196 [242] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, എ.വി. താമരാക്ഷൻ:

,, പി. വിജയദാസ്:

,, ആർ.എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975 ആഗസ്റ്റ് മാസത്തിൽ കേന്ദ്രഗവൺമെന്റ് വിളിച്ചു കൂട്ടിയ സംസ്ഥാന ടൂറിസം മന്ത്രിമാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ സംസ്ഥാനഗവൺമെന്റ് ടൂറിസം വികസനത്തിനുവേണ്ടി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സമ്മേളനത്തിന്റെ തീരുമാനങ്ങളടങ്ങിയ മിനിട്ട്സ് ലഭിച്ചിട്ടില്ല.

(ബി) ആഭ്യന്തരജലഗതാഗത വികസനം, 'വാട്ടർസ്പോർട്ട്സ്' തീർഘദൂര ലക്ഷ്വറി ബോട്ട് സർവ്വീസ് സംഘടിപ്പിക്കുക, 'പാതിരാമണൽ' ഒരു വിനോദ സഞ്ചാരകേന്ദ്രമായി വികസിപ്പിക്കുക, കുറഞ്ഞ വരുമാനക്കാരായ ടൂറിസ്റ്റുകൾക്കായി യാത്രികകൾ, യാത്രിനിവാസുകൾ, യൂത്ത് ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കുക, വിനോദസഞ്ചാര വാരാഘോഷങ്ങൾ ഭംഗിയായി സംഘടിപ്പിക്കുവാനും ട്രെക്കിംഗ് പ്രോൽസാഹിപ്പിക്കുവാനും വേണ്ട പദ്ധതികൾ നടപ്പിലാക്കുക, കേന്ദ്രഗവൺമെന്റ് . ഏഴാം പദ്ധതിക്കാലത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന വാട്ടർ സ്പോർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുക മുതലായവയാണ് സമ്മേളനത്തിൽ സംസ്ഥാനഗവൺമെന്റ് മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ.

ഓവർ ഡ്രാഫ്റ്റ്

* 197 [244] ശ്രീ. എം.കെ. കേശവൻ:

,, കെ.പി. പ്രഭാകരൻ:

,, കെ.ആർ. ചന്ദ്രമോഹനൻ:

,, കെ.റ്റി. കുഞ്ഞൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനങ്ങളുടെ ഓവർ ഡ്രാഫ്റ്റ് നിർത്തലാക്കാനുള്ള കേന്ദ്ര ഗവൺമെൻറ് തീരുമാനം എന്നുമുതൽ നടപ്പാക്കുമെന്നാണ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്?

(ബി) ഓവർ ഡ്രാഫ്റ്റ് നിർത്തലാക്കുമ്പോൾ സംസ്ഥാനത്തിന് എത്ര തുകയാണ് മദ്ധ്യകാല വായ്പയായി മാറുന്നതെന്നും, അതു തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകൾ എന്താണെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഓവർ ഡ്രാഫ്റ്റ് സൗകര്യം 2-10-1985 മുതൽ നിറുത്തലാക്കുമെന്നാണ് കേന്ദ്ര ഗവൺമെൻറ് നമ്മെ അറിയിച്ചിട്ടുള്ളത്.

(ബി) 241.86 കോടി രൂപയാണ് മദ്ധ്യകാല വായ്പയായി ലഭിക്കുക. ഈ തുക 1986-87 മുതലുള്ള 4 വർഷങ്ങളിലായി പലിശസഹിതം തിരിച്ചടയ്ക്കണമെന്നാണ് വ്യവസ്ഥ.

ചെമ്മീൻ വളർത്തൽ പദ്ധതി

* 198 [245] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൻെറ സഹായത്തോടെ സംസ്ഥാനത്ത് ഒരു വൻകിട ചെമ്മീൻ വളർത്തൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര കോടി ഉറുപ്പിക ചെലവ് വരും;

(സി) ഈ പദ്ധതി നടപ്പിലാക്കാനായി 7-85 വരെ സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരായി ഏതെല്ലാം പ്രദേശത്താണ് എതിർപ്പുള്ളത്;

(ഇ) അതിൻെറ കാരണങ്ങളെപ്പറ്റി അന്വേഷിച്ച് തക്കതായ പരിഹാര നടപടികൾ സ്വീകരിച്ചുവോ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്താണ്;

(ജി) ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കും;

(എച്ച്) നടപ്പിലാക്കുമ്പോൾ എത്രകോടി ഉറുപ്പിക യുടെ മൽസ്യം ഒരുവർഷം ഉണ്ടാക്കുമെന്നാണ് കണക്ക്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മറ്റ് ജില്ലകളിലെ ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ ഉപ്പുകലർന്ന ജലാശയങ്ങളും ഈ പദ്ധതിയിൻ

LIBRARY ARCHIVES Kerala Legislative Assembly